ല ൂ ക്ക ാ 1 : 5 - 2 0

**2023 ഡിസംബർ 03**

# വചനസന്ദേശം

**ഫാ. കുര്യൻ കട്ടക്കയം**

## സഖറിയാസും എലിസബത്തും

ആരാധനക്രമ വത്സരത്തിൽ മംഗളവാർത്ത കാലഘട്ടത്തിലേക്ക് നാം പ്രവേശിക്കുന്നു. ക്രിസ്തുമസിനൊരുക്കമായി നാല് ഞായറാഴ്ചകളാണല്ലോ ഈ കാലഘട്ടത്തിലുള്ളത്. ഇതിനെക്കുറിച്ച് രസകരമായൊരു വ്യാഖ്യാനം എന്നോ വായിച്ചതോർക്കുന്നു. ആദം മുതൽ ക്രിസ്തുവരെയുള്ളവരുടെ വംശാവലി കണക്കുകൂട്ടി നാലായിരം വർഷത്തിന്റെ ചരിത്രത്തെ നാല് ആഴ്ചകളിലൂടെ ക്രിസ്തുവിന്റെ ജനനത്തിന് നമ്മെ ഒരുക്കുന്ന നാലു ഞായറാഴ്ചകൾ. നൂറ്റാണ്ടുകളായി ലോകം കാത്തിരുന്ന രക്ഷകന്റെ വരവിനുവേണ്ടി തങ്ങളെത്തന്നെ ഒരുക്കിയ വ്യക്തിത്വങ്ങളെയാണ് ഈ നാലു ഞായറാഴ്ചകളിലെ സുവിശേഷ വായനകളിലൂടെ നമ്മെ പരിചയപ്പെടുത്തുന്നത്. സ്നാപകയോഹന്നാന്റെ മാതാപിതാക്കളായ സഖറിയാസും എലിസബത്തുമാണ് ഒന്നാം ഞായറാഴ്ച നമ്മുടെ മുമ്പിലേക്കു വരുന്നത്. തങ്ങളെക്കുറിച്ചുള്ള ദൈവികപദ്ധതി മനസ്സിലാക്കാൻ വിഷമിച്ച അവർ പിന്നീടത് സമ്പൂർണ്ണമായി പൂർത്തീകരിക്കുന്ന വിശുദ്ധ വ്യക്തിത്വങ്ങളായി മാറുന്നു. ഈശോയുടെ അമ്മയായ മറിയത്തിന്റെ ഒരുക്കമാണ് രണ്ടാം ഞായറാഴ്ച നമ്മുടെ ശ്രദ്ധയിൽ വരുന്നത്. ലോകം മുഴുവൻ രക്ഷകനെ കാത്തിരുന്നപ്പോൾ ലോകത്തിന് രക്ഷകനെ നല്കാൻ സ്വയം ഒരുങ്ങി എന്നതാണ് മറിയത്തിന്റെ പ്രത്യേകത. രക്ഷകന്റെ വരവിനുവേണ്ടി നാം എത്രമാത്രം ഒരു ങ്ങണം എന്ന് മൂന്നാം ഞായറാഴ്ചയിലെ സ്നാപകന്റെ ജീവിതം നമ്മെ പഠിപ്പിക്കുന്നു. വരാനിരിക്കുന്ന രക്ഷകന് വഴിയൊരുക്കാൻ വന്നവനെ കണ്ടിട്ടും കേട്ടിട്ടും ജനം ചോദിക്കുന്നു, വരാനിരിക്കുന്നവൻ നീ തന്നെയോ എന്ന്. ക്രിസ്തുമസിനുവേണ്ടിയുള്ള ഒരുക്കം നക്ഷത്രം തൂക്കലിലും പുൽക്കൂട് കെട്ടുന്നതിലും ചെറിയ നോമ്പിലും ഒതുക്കാതെ നാം ക്രിസ്തുവായി രൂപാന്തരപ്പെടുന്നിടത്തോളം എത്തണം എന്നർത്ഥം. വിശുദ്ധ മത്തായിയുടെ സുവിശേഷത്തിലാണ് യൗസേപ്പിതാവിന്റെ ഒരുക്കം എത്ര പ്രതിബദ്ധത നിറഞ്ഞതായിരുന്നു എന്നു നാം മനസ്സിലാക്കുന്നത്. മറിയം തന്റെ ജീവിതത്തിലെ ഏറ്റവും വലിയ പ്രതിസന്ധിയിലൂടെ കടന്നുപോയപ്പോൾ ദൈവം ഇപ്പോൾ ഇറങ്ങി വന്ന് തന്നെ എങ്ങനെ രക്ഷിക്കണം എന്ന് ആഗ്രഹിച്ചു പ്രാർത്ഥിച്ചുവോ അപ്രകാരം യൗസേപ്പ് മറിയത്തോട് പ്രവർത്തിക്കുന്നു.

ക്രിസ്തുമസിനുവേണ്ടിയുള്ള ഒരുക്കം ബാഹ്യമായ അനുഷ്ഠാനങ്ങളിലും ആഘോഷങ്ങളിലും അവസാനിക്കുന്നത് ആത്മീയജീവിതത്തിലെ ഏറ്റവും വലിയ അപകടമാണ്. ഒന്നാം ഞായറാഴ്ചയിലെ സഖറിയാസ് - എലിസബത്ത് ദമ്പതിമാരെക്കുറിച്ച് നമുക്ക് ധ്യാനിക്കാം. ശ്രേഷ്ഠമായ കുടുംബപാരമ്പര്യവും നിർമ്മലമായ ജീവിതവും ആയിരുന്നെങ്കിലും വന്ധ്യത്വം ഒരു ദൈവശിക്ഷപോലെ ആ കുടുംബത്തിന് ദുഃഖകാരണമായിരുന്നു. സന്താനഭാഗ്യത്തിനുവേണ്ടി പ്രാർത്ഥിച്ചും അനുഷ്ഠാനബദ്ധമായ ജീവിതം നയിച്ചും മുന്നോട്ടു പോകുന്ന സഖറിയാസിനെ ഗബ്രിയേൽ മാലാഖ ശാസിക്കുന്നതെന്തുകൊണ്ടാണ്? നേരെമറിച്ച് ഇതെങ്ങനെ സംഭവിക്കും എന്ന അതേ ചോദ്യം തന്നെ ചോദി ക്കുന്ന മറിയത്തിനു മുമ്പിൽ മാലാഖ പരിശുദ്ധാത്മാഭിഷേകത്തെക്കുറിച്ചു വാചാലനാകുന്നു. ഇതിന് ബൈബിൾ വ്യാഖ്യാതാക്കളുടെ മറുപടി ഇപ്രകാരമാണ്. വന്ധ്യരായ വൃദ്ധദമ്പതികൾ അവരുടെ വർധക്യത്തിൽ ദൈവപദ്ധതി പ്രകാരം മക്കൾക്ക് ജന്മം നല്കുന്ന സംഭവങ്ങൾ പഴയ നിയമ പുസ്തകങ്ങളിൽ പലയാവർത്തി കാണാം. ഒരു പുരോഹിതനായ സഖറിയാസ് അവയെല്ലാം ഓർത്ത് ചോദ്യങ്ങളില്ലാതെ ദൈവിക പദ്ധതിക്കു മുമ്പിൽ ശിരസ് നമിക്കണമായിരുന്നു. എന്നാൽ ഏശയ്യ 7:14-ൽ കാണുന്ന എമ്മാനുവേൽ പ്രവചനത്തിലെ ഹീബ്രു ഭാഷയിലെ വാക്ക് യുവതി ഗർഭം ധരിച്ച് ഒരു പുത്രനെ പ്രസവിക്കും എന്നാണ്. അതിന്റെ അടിക്കുറിപ്പിൽ നാം വായിക്കുന്നത് ഗ്രീക്ക് പരിഭാഷയിൽ കന്യക ഗർഭം ധരിച്ച് ഒരു പുത്രനെ പ്രസവിക്കും എന്നാണ്. ഒരു സാധാരണ യഹൂദ പെൺകുട്ടിയായ മറിയത്തിൽനിന്ന് പഴയ നിയമ പ്രവചനങ്ങളെപ്പറ്റിയുള്ള അപാരജ്ഞാനം മാലാഖ പ്രതീക്ഷിക്കുന്നില്ല.

സഖറിയാസ് കടന്നുപോകുന്ന മൗനം എന്ന ദൈവികശിക്ഷയ്ക്കു കാരണമായി ചില ആധ്യാത്മിക ഗുരുക്കൾ നല്കുന്ന വ്യാഖ്യാനം നമ്മുടെ ആത്മീയ വളർച്ചയ്ക്ക് കൂടുതൽ സഹായകരമാണ്. വന്ധ്യരായ സഖറിയാസും എലിസബത്തും ഈ വാർധക്യ കാലത്തും തങ്ങളുടെ കുടുംബത്തിന്മേലുള്ള ശാപം നീങ്ങി സന്താനഭാഗ്യത്തിനായി പ്രാർത്ഥിച്ചിട്ടുണ്ടാകും. എന്നാൽ ദൈവദൂതന്റെ ദർശനമുണ്ടാകുമ്പോഴും ഈ വാർധക്യത്തിൽ നിനക്കൊരു മകൻ ജനിക്കും എന്ന അരുളപ്പാട് കേൾക്കുമ്പോഴും സഖറി

യാസ് തന്റെ കാര്യത്തിലും കുടുംബത്തിലും ദൈവിക ഇടപെൽ സംഭവിക്കും എന്നത് അവിശ്വസിക്കുന്നു. അത് മാലാഖയുടെ ശാസനത്തിന് കാരണമാകുന്നു.

മഴയ്ക്കുവേണ്ടി പ്രാർത്ഥിച്ചിട്ടും കുടയെടുക്കാൻ മറന്നുപോകുന്ന ആധ്യാത്മിക ജീവിതവരൾച്ച. ഹൃദയം പൊട്ടി കരഞ്ഞപേക്ഷിച്ചിട്ടും സ്വർഗം തുറക്കപ്പെടും എന്ന വിശ്വാസം ഇല്ലാത്ത പ്രാർത്ഥനാജീവിതശുഷ്കത. ദൈവം സ്നേഹസമ്പന്നനായ പിതാവാണെന്നത് മറന്ന് എല്ലാറ്റിന്റേയും ആദികാരണമായ ഒരു തത്ത്വം മാത്രമാണെന്ന അല്പവിശ്വാസം. നിർണ്ണായക നിമിഷത്തിൽ ദൈവം ഇടപെടും എന്ന ബോധ്യമാണ് വിശ്വാസത്തെ സജീവമാക്കുന്നത്.
പിന്നീട് സഖറിയാസും എലിസബത്തും മനുഷ്യരുടെ മുമ്പിൽ പ്രത്യക്ഷപ്പെടാതെ ദൈവസന്നിധിയിലിരുന്ന് പ്രാർത്ഥിച്ച് പോരായ്മകൾ പരിഹരിച്ച് വെളിപാടുകളുടെ മനുഷ്യരായി മാറുന്നുണ്ട്. കുഞ്ഞിന്റെ ജനനത്തിൽ സഖറിയാസ് നടത്തുന്ന പ്രവചനങ്ങളും മൂന്നു മാസം മാത്രം ഗർഭിണിയായ മറിയത്തെ കണ്ട് 'കർത്താവിന്റെ അമ്മ' എന്ന് അഭിവാദനം ചെയ്യുന്നതുമെല്ലാം ഉദാഹരണങ്ങളാണ്. അങ്ങനെ ശിക്ഷ എന്നു നാം കരുതിയ മൂകത അവർക്ക് ദൈവവുമായുള്ള വ്യക്തവും വ്യക്തിപരവുമായ ബന്ധത്തിന് കാരണമാകുന്നു. എ